"ഭരണഭാഷ- മാതൃഭാഷ"

**കേരള സർക്കാർ**

**സംഗ്രഹം**

മത്സ്യബന്ധന തുറമുഖ വകുപ്പ്-കേരള-യൂറോപ്പ് കോൺക്ലേവ് കേരളത്തിൽ നടത്തുന്നതുമായി ബന്ധപ്പെട്ട് **2025 മെയ് 30 ാം തീയതി ഡൽഹിയിൽ വെച്ച്** ബഹു. യൂറോപ്പ്യൻ യൂണിയൻ അംബാസഡറുമായി കൂടിക്കാഴ്ച നടത്തുന്നതിന് ഫിഷറീസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറിക്ക് ഡെപ്യൂട്ടേഷൻ അനുവദിച്ച്-ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

**മത്സ്യബന്ധന തുറമുഖ (ബി) വകുപ്പ്**

സ.ഉ.(സാധാ) നം.**358/2025/F&P** തീയതി,തിരുവനന്തപുരം, **30-05-2025**

---

പരാമർശം:- **1.** ചീഫ് സെക്രട്ടറി ബഹു.യൂറോപ്പ്യൻ യൂണിയൻ അംബാസഡർക്ക് അയച്ച **24.03.2025** ലെ **21/CS/2025/CSO** നമ്പർ അർദ്ധ ഔദ്യോഗിക കത്ത്.

**ഉത്തരവ്**

മത്സ്യബന്ധന തുറമുഖ വകുപ്പിന്റെ നേതൃത്വത്തിൽ കേരള-യൂറോപ്പ് കോൺക്ലേവ് കേരളത്തിൽ നടത്തുന്നതുമായി ബന്ധപ്പെട്ട് ബഹു.മുഖ്യമന്ത്രിയുടെ പ്രിൻസിപ്പൽ സെക്രട്ടറിയുമായി ബഹു. ഫിഷറീസ് വകുപ്പ് മന്ത്രി, ഫിഷറീസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറി, ഫിഷറീസ് ഡയറക്ടർ, അസാപ് സി.എം.ഡി. ഡോ. ഉഷ ടൈറ്റസ്, യൂറോപ്പ്യൻ യൂണിയൻ മീഡിയേറ്റർ ശ്രീ. വിജയ കുമാർ എന്നിവർ ചർച്ച നടത്തിയതിന്റെ ഫലമായി മുൻ ചീഫ് സെക്രട്ടറി ബഹു.യൂറോപ്പ്യൻ യൂണിയൻ അംബാസഡറെ കേരളത്തിലേക്ക് ക്ഷണിച്ചു പരാമർശം പ്രകാരം കത്തയച്ചിരുന്നു.

**2.** അതിന്റെ ഫലമായി, ബഹു. യൂറോപ്പ്യൻ യൂണിയൻ അംബാസഡർ അദ്ദേഹത്തിന്റെ സെക്രട്ടറി മുഖാന്തിരം ക്ഷണിച്ച പ്രകാരം, **2025 മെയ് 30 ാം തീയതി ഡൽഹിയിൽ വെച്ച്** ബഹു. ഫിഷറീസ് വകുപ്പ് മന്ത്രിയും ഫിഷറീസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയും ഫിഷറീസ് ഡയറക്ടറും ബഹു. അംബാസഡറുമായി കൂടിക്കാഴ്ച നടത്തുവാൻ തീരുമാനിച്ചിട്ടുണ്ട്.

**3.** മേൽ സാഹചര്യത്തിൽ, **2025 മെയ് 30 ാം തീയതി ഡൽഹിയിൽ വെച്ച്** നടത്തുന്ന മേൽ കൂടിക്കാഴ്ചയിൽ പങ്കെടുക്കുവാൻ ഫിഷറീസ് വകുപ്പ് സ്പെഷ്യൽ സെക്രട്ടറിയെ ഡെപ്യൂട്ട് ചെയ്തുകൊണ്ടും അങ്ങോട്ടുമിങ്ങോട്ടുമുള്ള യാത്രയ്ക്ക് അനുമതി നൽകിയും ഉത്തരവാകുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

**SREEKALA T P**

ജോയിന്റ് സെക്രട്ടറി

ശ്രീ. അബ്ദുൽ നാസർ ബി. ഐ.എ.എസ്., സ്പെഷ്യൽ സെക്രട്ടറി, ഫിഷറീസ് വകുപ്പ്
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ഓഡിറ്റ്), കേരള, തിരുവനന്തപുരം
അക്കൗണ്ടന്റ് ജനറൽ (എ & ഇ) കേരള, തിരുവനന്തപുരം.
സബ് ട്രഷറി ഓഫീസർ, സബ് ട്രഷറി, സെക്രട്ടേറിയറ്റ്, തിരുവനന്തപുരം.
പൊതുഭരണ (എ.ഐ.എസ്.) വകുപ്പ്.
ഡയറക്ടർ, ഐ & പിആർഡി (സർക്കാർ വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നതിന്).
സ്റ്റോക്ക് ഫയൽ/ഓഫീസ് പകർപ്പ്.

ഉത്തരവിൻ പ്രകാരം

Signed by
Asbina A V
Date: 30-05-2025 11:52:39

സെക്ഷൻ ഓഫീസർ